കോളേജുകളുടെ പേരുവിവരം	വിദ്യാർത്ഥികളുടെ എണ്ണം	ജാതിവിവരം ലിസ്റ്റ്
ഉ ര്. സെൻറ് തോമസ് കോളേജ്, പാലാ		
	ഉ	അയ്യനവർ ഫ
ആകെ	ഉ ന്യ വ	ആകെ ഉ ന്യ വ

പാഠപുസ്തക വിതരണം

*ഫ ഫ ര ര. (ഇൻ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) മലയാളം പ്രൈമറി ക്ലാസ്സുകളിലെ പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ഗവൺമെണ്ടിൽനിന്നും സൗജന്യമായി ഇക്കൊല്ലം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) എത്ര വിദ്യാർത്ഥികൾക്ക്?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ, ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പാഠപുസ്തകം സൗജന്യമായി കൊടുത്തുവരുന്നുണ്ട്.

(സി) ഈ ചോദ്യത്തിന് ഉത്തരം നല്കുന്നതിനു വേണ്ടിവരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്ന പ്രയോജനത്തിനു തീരെ അപര്യാപ്തമാണ്.

തോക്കുപയോഗത്തിനുള്ള ലൈസൻസ്

*ഫ ഫ ര ഉ. (ന ര) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൃഷിക്കാർ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന തോക്കുകളെല്ലാം ഡിപ്പോസിറ്റ് ചെയ്തിച്ചിട്ടുള്ളതായിട്ടറിയാമൊ;

(ബി) അതിൽ പലരുടെയും ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു കാരണമെന്ത്?

ചീഫ് മിനിസ്റ്റർ ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൃഷിയാവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിച്ചുവരുന്ന തോക്കുകൾ ഡിപ്പോസിറ്റ് ചെയ്തിച്ചിട്ടില്ല.

(ബി & സി) ഉത്തരം ഉദിക്കുന്നില്ല.

മോണോസൈറ്റ് ഫാക്ടറികൾ

*ഫ ഫ ര ന. (ന വ) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമൊ —

(എ) ഗവൺമെണ്ടിന്റെ കൈവശം ഇപ്പോൾ എതെല്ലാം മോണോസൈറ്റ് ഫാക്ടറികൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവണ്മെണ്ടു് കൈവശത്തിൽ ഈ ഫാക്ടറികൾ എടുത്തതിനുശേഷം എത്ര ടൺ ലോഹമണൽ ശേഖരിച്ചിട്ടുണ്ടു്. വാങ്ങുമ്പോൾ മൻസ്റ്റോക്കുണ്ടായിരുന്നെങ്കിൽ അതുൾപ്പടെ മൊത്തം എത്ര ടൺ കൈവശം വന്നു;

(സി) ഇതുവരെ ഓരൊ ഫാക്ടറിയും വിറ്റിട്ടുള്ള ലോഹമണലിന്റെ ടണ്ണേജ് എത്രവീതമാണു; ഇപ്പോൾ സ്റ്റോക്കു് എത്രവീതമുണ്ടു്;

(ഡി) ഗവണ്മെണ്ടു് വിദേശങ്ങളിലേക്കു നേരിട്ടു കയറ്റി അയക്കുന്നതിനു ഓർഡർ വാങ്ങാറുണ്ടോ, ഓർഡർ എടുക്കുന്നവർക്കു് സപ്ലൈ ചെയ്യുകയാണെന്നുള്ള ആക്ഷേപം ശരിയാണൊ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവണ്മെണ്ടിന്റെ കൈവശം ഇപ്പോൾ മോണോസൈറ്റ് ഫാക്ടറികൾ ഇല്ല. എന്നാൽ ഇൽമനയിറ്റ് മോണോസൈറ്റ മുതലായ ലോഹമണൽ വേർതിരിക്കുന്നതിനായി ട്രാവൻകൂർ മിനിറൽ കൺസേൺസു് എന്ന ഒരു വ്യവസായശാലയുണ്ടു്.

(ബി) ഈ ഫാക്ടറി ഏപ്രിൽ ജൂൺ മുതൽ-ാംതു-ൽ കൈവശപ്പെടുത്തിയതു മുതൽ ഏപ്രിൽ ഒക്ടോബർ വരെ ാംതു-വരെ ൧൨,൨൫൫ ടൺ ഇൽമനയിറ്റ് ഉൽപ്പാദിപ്പിച്ചിട്ടുണ്ടു്. ഗവണ്മെണ്ടു് കൈവശം എടുത്തപ്പോൾ ഈ വ്യവസായശാലയിൽ ൫൪,൨൨൫ ടൺ ഇൽമനയിറ്റ് ഉണ്ടായിരുന്നു.

(സി) കമ്പനിയിൽനിന്നു ൪൪,൨൪൫ ടൺ ഏപ്രിൽഡ്യൂഡ്വൈറ്റ് ഇൽമനേറ്റ് വിറ്റിട്ടുണ്ടു്. ഇപ്പോൾ ൪൨,൫൨൪ ടൺ ഏപ്രിൽഡ്യൂഡ്വൈറ്റ് ഇൽമനയിറ്റ് സ്റ്റോക്കുണ്ടു്.

(ഡി) ഉണ്ടു്. അധികവും നേരിട്ടയക്കുകയാണു്. എന്നാൽ വിദേശങ്ങളുമായി കച്ചവടം നടത്തുന്നവർക്കും ഗവണ്മെണ്ടിൽനിന്നും കുറെ ഇൽമനേറ്റ് വില്പന നടത്തുന്നുണ്ടു്.

മട്ടാഞ്ചേരിയിൽ നിന്നുള്ള മെമ്മൊറാണ്ടം

*൫൫൫ ൧. (൭൮) സാഹിബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചീഫ് മിനിസ്റ്റർ മട്ടാഞ്ചേരി പട്ടണത്തിൽ ആദ്യം ഒരു പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു അവസരത്തിൽ മട്ടാഞ്ചേരി മന്നാം വാർഡിൽ ഏകദേശം മുന്നു കൊല്ലങ്ങൾക്കുമുമ്പു് ഒരു റോഡിനുവേണ്ടി സ്ഥലം എടുത്തു വീടുകൾക്കു് വില ഇരുത്തിപോയിട്ടു പണം കിട്ടാതിരിക്കുന്നതിനെക്കുറിച്ചു ഒരു മെമ്മൊറാണ്ടം പ്രസ്തുത വീട്ടുകാർ തന്നിരുന്നുവോ;

(ബി) അതിനു് എന്തു പ്രതിവിധിയാണു് ചെയ്തതു്;

(സി) ഗവണ്മെണ്ടു് എടുത്തതുമൂലം പുര മേയാനും അറ്റകുറ്റങ്ങൾ തീർക്കാനും ധൈര്യമില്ലാത്തതിനാൽ ആ വീടുകൾ എല്ലാം നാമാവശേഷങ്ങൾ ആയിട്ടുള്ള അറിയാമൊ;

(ഡി) ഇനിയെങ്കിലും പ്രസ്തുത വീട്ടുകാർക്കു പണം കൊടുക്കാൻ ദയവുണ്ടാകുമൊ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇക്കാര്യത്തിൽ ചില ഹർജികൾ കിട്ടിയിട്ടുണ്ടു്.

(ബി) പണം ഉടനെ കൊടുക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്.

(സി) അറിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly